**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2757** | **17-03-2022 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയിൽ ആർ.ബി.ഐ യുടെ ഇടപെടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി ശശി | | null<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | ആർ.ബി.ഐ യുടെ ഭാഗത്ത് നിന്നും സഹകരണ മേഖലയെ ദുർബലപ്പെടുത്താനിടയാക്കുന്ന നടപടി ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ? | (എ) | ഉണ്ട്. 1949ലെ ബാങ്കിംഗ് റഗുലേഷൻ നിയമത്തിൽ ഭേദഗതി വരുത്തി കൊണ്ട് 2020- ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമം പാർലമെന്റ് പാസ്സാക്കിയിരുന്നു. ടി ഭേദഗതി നിയമപ്രകാരം bank, banker, banking എന്നീ പദങ്ങൾ ഉപയോഗിക്കുവാൻ RBI ലൈസൻസ് ഇല്ലാത്ത സഹകരണ സ്ഥാപനങ്ങൾക്ക് കഴിയുകയില്ലയെന്ന് വ്യവസ്ഥ ചെയ്യുന്നു. സംസ്ഥാനത്ത് നിലവിൽ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ,പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകൾ,കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്, ചില പ്രാഥമിക വായ്പ സഹകരണ സംഘങ്ങൾ എന്നിവ 2020-ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാകണമെങ്കിൽ അവയുടെ പേരിന്റെ ഭാഗമായുള്ള 'ബാങ്ക്' എന്ന പദം ഒഴിവാക്കുകയും ഇടപാടുകാർക്ക് ചെക്ക് സംവിധാനം എവിടെയെങ്കിലും നൽകുന്നുണ്ടെങ്കിൽ ആയത് ഒഴിവാക്കുന്നതുൾപ്പെടെ, ടി നിയമത്തിലെ വകുപ്പ് 3 ന് വിധേയമായുള്ള നടപടികളും സ്വീകരി ക്കേണ്ടതുണ്ട്. അപ്രകാരം മാറ്റങ്ങൾ വരുത്തിയില്ലെങ്കിൽ ടി സ്ഥാപനങ്ങൾ ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ പരിധിയിൽ വരുന്ന സാഹചര്യമാണുള്ളത്. ടി നിയമത്തിലെ വകുപ്പ് (4) പ്രകാരം ബാങ്കിംഗ് റെഗുലേഷൻ നിയമത്തിലെ വകുപ്പ് 56-ൽ വരുത്തിയ ഭേദഗതികളിൽ പബ്ലിക് ഇഷ്യൂവിലൂടെയും പ്രൈവറ്റ് പ്ലേസ്മെന്റിലൂടെയും ഇക്യൂറ്റി/ പ്രിഫറൻസ് ഓഹരി മൂലധനം സ്വരൂപിക്കുന്നതിനുള്ള വ്യവസ്ഥ, ഓഹരി മൂലധനം തിരിച്ചു നൽകുന്നത് തടഞ്ഞുകൊണ്ടുള്ള വ്യവസ്ഥ, ചില നിയമനങ്ങളിലുള്ള നിയന്ത്രണം, ചില ഭരണസമിതി അംഗങ്ങൾക്കും ചെയർമാനുമുള്ള യോഗ്യത ഓഹരികൾ, ആഡിറ്റ്, ഭരണ സമിതിയെ പിരിച്ചുവിടുന്നതിനുള്ള അധികാരം തുടങ്ങിയുള്ള |

നിരവധി വ്യവസ്ഥകൾ ഇൻഡ്യൻ ഭരണഘടനയിലെ സ്റ്റേറ്റ് ലിസ്റ്റിലെ എൻട്രി 32- ലെ incorporation, regulation and winding up' of co-operative societies എന്നിവയുമായി ബന്ധപ്പെട്ടവയാണ്. ആയത് സംസ്ഥാന താല്പര്യത്തേയും സംസ്ഥാനത്ത് ബാങ്കിംഗ് റെഗുലേഷൻ നിയമം നിലവിൽ ബാധകമായിട്ടുള്ള സ്ഥാപനങ്ങളായ കേരള സംസ്ഥാന സഹകരണ ബാങ്ക്, മലപ്പുറം ജില്ല സഹകരണ ബാങ്ക്, അർബൻ സഹകരണ ബാങ്കുകൾ എന്നിവയേയും അവയിലെ അംഗങ്ങളുടെ താല്പര്യങ്ങളേയും ബാധിക്കുമെന്ന് കരുതുന്നു. റിസർവ്വ് ബാങ്ക് ജനറൽ മാനേജരുടെ 09.04.2021ലെ TVM.DOS.SED.No.S36 /06.13.004/2021-22 നമ്പർ കത്ത് പ്രകാരം - 2020ലെ ബാങ്കിംഗ് റെഗുലേഷൻ (ഭേദഗതി) നിയമത്തിലെ വകുപ്പ് 3 പ്രകാരമുള്ള വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തണമെന്ന് നിർദ്ദേശം ലഭിച്ചിരുന്നു. 22.11.2021-ൽ റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ പുറപ്പെടുവിച്ചതും കേരളത്തിലെ പ്രമുഖ പത്രങ്ങളിൽ പ്രസിദ്ധീകരിച്ചതുമായ ' Press Release 2021-2022/1230 ' പ്രകാരം, 1949-ലെ BR Act-ൽ 2020 Sept 29-ന് വന്ന ഭേദഗതി നിർദ്ദേശം പ്രകാരം (Act 39 of 2020) 1949-ലെ BR Act- പ്രകാരം ഇളവ് ലഭിച്ചിട്ടുള്ളവരോ RBI-യുടെ പ്രത്യേക അനുവാദം ഉള്ള സ്ഥാപനങ്ങളോ അല്ലാത്തവർ 'Bank", 'Banker', 'Banking' എന്നീ പദങ്ങൾ പ്രസ്തുത സ്ഥാപനങ്ങളുടെ പേരിനോടൊപ്പം ഉപയോഗിക്കുവാൻ പാടില്ലായെന്ന് നിഷ്കർഷിച്ചിട്ടുള്ളതായി അറിയിക്കുന്നുവെന്നും ചില സഹകരണ സ്ഥാപനങ്ങൾ മേൽപറഞ്ഞ BR Act-ലെ ഭേദഗതി വകുപ്പ് 7 ലെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് Bank എന്ന പദം അവരുടെ പേരിനോടൊപ്പം ഉപയോഗിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുള്ളതായും ചില സഹകരണ സംഘങ്ങൾ അംഗങ്ങൾ അല്ലാത്തവരിൽ നിന്നും/ നോമിനൽ അംഗങ്ങളിൽ നിന്നും/ അസോസിയേറ്റ് അംഗങ്ങളിൽ നിന്നും നിക്ഷേപം സ്വീകരിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടെന്നും ആയത് BR Act-ന് വിരുദ്ധമാണെന്നും മേൽ സാഹചര്യ ത്തിൽ ഇത്തരം സഹകരണ സ്ഥാപനങ്ങൾക്ക് BR Act പ്രകാരമുള്ള ലൈസൻസ് ഇല്ലായെന്നും അവർക്ക് ബാങ്കിംഗ് ബിസിനസ് നടത്തുന്നതിന് അനുവാദം ഇല്ലായെന്നും ഇത്തരം സഹകരണ സംഘങ്ങളിൽ ഉള്ള നിക്ഷേപങ്ങൾക്ക് Deposit Insurance and Credit Guarentee Corporation (DICGC) നൽകുന്ന നിക്ഷേപങ്ങൾക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമല്ലായെന്നും ഇത്തരത്തിൽ ബാങ്ക് എന്ന്

| | | | |
|---|---|---|---|
| | | | അവകാശപ്പെട്ട് നിക്ഷേപങ്ങൾ സ്വീകരിക്കുന്ന സഹകരണ സ്ഥാപന ങ്ങൾക്കെതിരെ പൊതുജനങ്ങൾ ജാഗ്രത പുലർത്തണമെന്നും ഇടപാടുകൾ നടത്തുന്നതിനു മുമ്പായി റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ നൽകിയിട്ടുള്ള ബാങ്കിംഗ് ലൈസൻസ് പരിശോധിച്ച് ഉറപ്പാക്കണ മെന്നും റിസർവ്വ് ബാങ്ക് ഓഫ് ഇന്ത്യ നോട്ടിസ് ആയി പൊതുജനങ്ങൾക്ക് അറിയിപ്പ് നൽകിയിരുന്നു. പ്രസ്തുത നോട്ടീസ് സഹകരണനിയമത്തിന് വിരുദ്ധവും സഹകരണ സംഘങ്ങളിലെ അംഗങ്ങളിലും പൊതുജനങ്ങളിലും ആശയക്കുഴപ്പവും പരിഭ്രാന്തിയും സൃഷ്ടിക്കുമെന്നതുമായതിനാൽ ആയത് പിൻവലിക്കണമെന്ന് അഭ്യർത്ഥിച്ച് റിസർവ്വ് ബാങ്ക് ചീഫ് ജനറൽ മാനേജർക്ക് 01.12.2021 ൽ സഹകരണസംഘം രജിസ്ട്രാർ കത്ത് നൽകിയിരുന്നു. റിസർവ്വ് ബാങ്ക് ജനറൽ മാനേജരുടെ 19.01.2022ലെ DoR.CO.Leg.No.S3433/09.11.001/2021-22 നമ്പർ കത്ത് പ്രകാരം സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങളുടെ പേരിന്റെ ഭാഗമായോ ബിസിനസിന്റെ ഭാഗമായോ,bank, banker, banking എന്നീ പദങ്ങൾ ഉപയോഗിക്കാതിരിക്കാനും Non-members, Nominal members/Associate members എന്നിവരിൽ നിന്നും നിക്ഷേപങ്ങൾ സ്വീകരിക്കാതിരിക്കാനുമുള്ള നടപടികൾ സ്വീകരിക്കണമെന്നും വീണ്ടും കത്ത് ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ